**2018 മാർച്ച് 1-ാം തീയതി കളമശ്ശേരി മുനിസിപ്പൽ ടൗൺ ഹാളിൽ കൂടിയ പി.ആർ.എം ന്റെ പ്രധാന തീരുമാനങ്ങൾ.**

1. മാർച്ച് 8 വനിതാദിനം കളമശ്ശേരി ടൗൺ ഹാളിൽ വച്ച് സമുചിതമായി ആഘോഷിക്കുവാനും അന്നേദിവസം എല്ലാ സി ഡി എസുകളിലെയും ആദ്യ സി ഡി എസ് ചെയർപേഴ്സൺമാരെ ചടങ്ങിലേക്ക് വിളിക്കുവാനും തീരുമാനിച്ചു. ഓരോ സി ഡി എസിന്റെയും ആദ്യ സി ഡി എസ് ചെയർപേഴ്സനെ ചടങ്ങിലേക്ക് ക്ഷണിക്കാനുള്ള ഉത്തരവാദിത്വം അതാത് സി ഡി എസ് ചെയർപേഴ്സന് ആയിരിക്കും.
2. മാർച്ച് 20 ന് ശേഷം ബാക്കി നൽകാനുള്ള പലിശ സബ്സിഡിയുടെ കൃത്യമായ കണക്കുകൾ ശേഖരിച്ച് മാർച്ച് 31 നകം ജില്ലാമിഷന് നൽകാൻ അക്കൗണ്ടന്റുമാരെ ചുമതലപ്പെടുത്തി.
3. നീതം പരിപാടിയുടെ ഡാറ്റാ എൻട്രി എല്ലാ സി ഡി എസുകളും അടിയന്തിരമായി തീർക്കേണ്ടതാണ്.
4. എല്ലാ സി ഡി എസുകളും ഏറ്റവും അടുത്ത ദിവസം തന്നെ പ്രൊജക്ട് ക്ലിനിക്കുകൾ നടത്തേണ്ടതും പരമാവധി പ്രൊജക്ടുകൾ പഞ്ചായത്തിൽ നിന്ന് കുടുംബശ്രീക്ക് വാങ്ങി എടുക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇതിന്റെ ചുമതല സി ഡി എസ് ചെയർപേഴ്സൺമാർക്ക് ആയിരിക്കും.
5. എല്ലാ സി ഡി എസും അവരവരുടെ സി ഡി എസ് പരിധിയിലുള്ള അയൽക്കൂട്ടങ്ങളിൽ നടക്കുന്ന മികച്ച മാതൃകകൾ ഡോക്യുമെന്റ് ചെയ്യേണ്ടതും ആയത് മാർച്ച് 31 ന് മുൻപായി ജില്ലാമിഷനിൽ സമർപ്പിക്കേണ്ടതുമാണ്.
6. കേരള ചിക്കൻ പദ്ധതിയുമായി ബന്ധപ്പെട്ട് കുടുംബശ്രീയുടെ ഗുണഭോക്താക്കളാകാൻ താല്പര്യമുള്ളവരുടെ ലിസ്റ്റ് എത്രയും വേഗം ശേഖരിക്കേണ്ടതാണ്.
7. നാട്ടുചന്തകൾ കൃത്യമായി നടക്കുന്നുവെന്ന് സി ഡി എസ് ചെയർപേഴ്സൺ ഉറപ്പ് വരുത്തേണ്ടതാണ്.
8. സി ഡി എസ് പരിധിയിലുള്ള എല്ലാ എം.ഇ യുണിറ്റുകളോടും 2016-17, 17-18 വർഷങ്ങളിലെ വാർഷിക വരുമാനം കൃത്യമായി കണക്കാക്കി അയക്കാൻ സി ഡി എസ് ചെയർപേഴ്സൺ ആവശ്യപ്പെടേണ്ടതും ജില്ലാമിഷനിൽ നിന്ന് ആവശ്യപ്പെടുന്നതിന്റെ മുറയ്ക്ക് ആയത് നൽകേണ്ടതുമാണ്.

9. അഗതി രഹിത കേരളം പ്രൊജക്ട് എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
10. നിലവിൽ സി ഡി എസ് പരിധിയിൽ സിമന്റ് ബ്രിക്സ് യൂണിറ്റിനെ കൺസ്ട്രക്ഷൻ യൂണിറ്റ് ആക്കാനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.
11. നിലവിൽ നിർജ്ജീവമായി കിടക്കുന്ന അയൽക്കൂട്ടങ്ങളെ പുനർജ്ജീവിപ്പിക്കേണ്ടതും തെരഞ്ഞെടുപ്പിനെ തുടർന്ന് പ്രശ്നങ്ങൾ നിലനിൽക്കുന്ന അയൽക്കൂട്ടങ്ങളുടെ വിവരങ്ങൾ അടിയന്തിരമായി ശേഖരിച്ച് ജില്ലാമിഷൻ ഉദ്യോഗസ്ഥരുടെ കൂടെ സഹകരണത്തോടെ ആയത് പരിഹരിക്കാനുള്ള ഇടപെടൽ നടത്തേണ്ടതാണ്.
12. എല്ലാ സി ഡി എസുകളും മാർച്ച് 31 ന് മുമ്പായി സി ഡി എസ് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്.
13. സി ഡി എസ് തല കലാകായിക മത്സരങ്ങൾ ഏപ്രിൽ ആദ്യവാരം നടത്താവുന്ന രീതിയിൽ വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.
14. മാർച്ച് 5-ാം തീയതിക്കു മുൻപായി എല്ലാ സി ഡി എസ് അക്കൗണ്ടന്റുമാരും NRLM-MIS ചെയ്തു തീർക്കേണ്ടതും അല്ലാത്തപക്ഷം കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.
15. കുടുംബശ്രീ സംസ്ഥാന കലോൽസവം 2018 മെയ് 4,5,6 തീയതികളിൽ മലപ്പുറത്തു വച്ചും സംസ്ഥാന വാർഷികം 2018 മെയ് 17,18,19 തീയതികളിൽ കണ്ണൂരിൽ വച്ചും നടത്തും.

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ (i/c)
കുടുംബശ്രീ, എറണാകുളം